തിരുവോർത്ത്പാറ പാലം

146 [1495] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ തിരുവോർത്ത്പാറ തോടിന് കുറുകെ പാലം നിർമ്മിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ നിർമ്മാണത്തിനാവശ്യമായ ഫണ്ട് ഏത് ഏജൻസിയിൽ നിന്നാണ് ലഭിക്കുന്നതെന്നും അത് എത്ര രൂപയാണെന്നും വ്യക്തമാക്കുമോ;

(സി) ഈ പാലത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) പരിശോധിച്ചുവരുന്നു.

കോട്ടപ്പുറം തുരുത്തിപ്പുറം പാലം നിർമ്മാണം

147 [1496] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടപ്പുറം തുരുത്തിപ്പുറം പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് ഇപ്പോഴത്തെ സ്ഥിതി വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ നിർമ്മാണ ഉദ്ഘാടനം എന്നത്തേക്ക് നടത്താൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പാലം നിർമ്മാണത്തിനുള്ള കരാർ എഗ്രിമെന്റ് വച്ച് പണി തുടങ്ങിയിട്ടില്ല.

(ബി) തീയതി നിശ്ചയിക്കുന്നതാണ്.

ചേർപ്പ് മണ്ഡലത്തിലെ പാലങ്ങൾ

148 [1497] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഡിവിഷൻ ചേർപ്പ് നിയോജകമണ്ഡലത്തിൽ അഴിമാവ് കടവിൽ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ള പാലത്തിന്റെ പ്ലാനും, എസ്റ്റിമേറ്റും പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ചെമ്മാപ്പിള്ളി കടവിൽ പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കാമോ; ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ; നബാർഡിന്റെ സഹായത്തോടെയാണോ ഈ പാലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കാരാഞ്ചിറ വലിയ പാലത്തിന്റെയും ചെറിയ പാലത്തിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; ചെറിയ പാലം എന്നത്തേക്ക് തുറന്നുകൊടുക്കും എന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മുറിയൂർ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നത് സംബന്ധിച്ച നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൂർത്തിയായിട്ടില്ല.

(ബി) ചെമ്മാപ്പിള്ളി കടവിൽ പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നടപടികളും ഒന്നുംതന്നെ തുടങ്ങിയിട്ടില്ല.

(സി) കാരാഞ്ചിറ വലിയ പാലത്തിന്റെയും ചെറിയ പാലത്തിന്റെയും നിർമ്മാണ പ്രവർത്തികളും ത്വരിതഗതിയിൽ പുരോഗമിക്കുന്നു. ചെറിയ പാലം രണ്ട് മാസത്തിനകം നിർമ്മാണം പൂർത്തിയാക്കി തുറന്ന് കൊടുക്കാവുന്നതാണ്.

(ഡി) മുറിയൂർ പാലത്തിന്റെ അലൈൻമെൻറ് അംഗീകരിച്ചിട്ടുണ്ട്. നബാർഡിന്റെ സഹായത്താൽ നിർമ്മാണം നടത്തുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കികൊണ്ടിരിക്കുന്നു.

സുനാമിബാധിത പ്രദേശങ്ങളിലെ പാലങ്ങളും റോഡുകളും

149 [1498] ഡോ. തോമസ് ഐസക്:
ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, ടി. കെ. ദേവകുമാർ:
,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സഭയ്ക്ക് മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുനാമി ബാധിച്ച പ്രദേശങ്ങളിലും തീര പ്രദേശങ്ങളിലും റോഡുകളും പാലങ്ങളും പണിയുന്നതിനുള്ള എന്തെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സുനാമി ദുരന്തത്തിൽ റോഡുകൾക്ക് ഉണ്ടായ തകരാറുകൾ പരിഹരിച്ച് റോഡുകൾ സഞ്ചാരയോഗ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്ത് തുക ചെലവഴിച്ചു;

(സി) സുനാമി ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി എത്ര റോഡുകൾ ഏറ്റെടുത്തിട്ടുണ്ട്; അവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താമോ?

ഉത്തരം

(എ) സുനാമി ദുരിതാശ്വാസത്തിന്റെ ഭാഗമായി ആയിരംതെങ്ങ് അഴീക്കൽ പാലത്തിന്റെയും, ആറാട്ടുപുഴ കൊച്ചിടെ ജെട്ടി പാലത്തിന്റെയും പണികൾ ആരംഭിച്ചുകഴിഞ്ഞു. രണ്ട് വർഷത്തിനുള്ളിൽ പണി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഏഷ്യൻ ഡവലപ്പ്മെൻറ് ബാങ്കിൽ നിന്നും ധനസഹായം ലഭ്യമാക്കുവാനും ശ്രമിച്ച് വരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ ഏതാനും ചില റോഡ് പണികളും ഏറ്റെടുത്തിട്ടുണ്ട്:

1. വർക്കല മുതൽ കാപ്പിൽ വരെയുള്ള 8.5 കി. മീ. റോഡിന്റെയും കാപ്പിൽ പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കുമായി 3 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly